**പതിനഞ്ചാം കേരള നിയമസഭ**

**സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പതിനഞ്ചാമത് റിപ്പോർട്ട്**

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016- 19) യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (കേരളത്തിലെ അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2026**

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

## പതിനഞ്ചാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016- 19) യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള (കേരളത്തിലെ അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| ഭാഗം I | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | | .. |
| ഭാഗം II | സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ /അധികവിവരം | | .. |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

**ആമുഖം**

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019), സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ നടത്തിപ്പും പ്രവർത്തനങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മികച്ച ജീവിത സാഹചര്യമൊരുക്കുന്നതിനും ഈ രംഗത്ത് നിലനിൽക്കുന്ന ചൂഷണം ഫലപ്രദമായി തടയുന്നതിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ചയും തെളിവെടുപ്പും നടത്തിയതിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി (2016-19)യുടെ മൂന്നാമത് റിപ്പോർട്ട് (കേരളത്തിലെ അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്) 2017 മെയ് 23-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 3.

## റിപ്പോർട്ട്

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠന വിധേയമാക്കുന്നതിനും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിച്ച് നവീകരിക്കുന്നതിനും ആവശ്യമായ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു നടപ്പിലാക്കുക എന്നത് സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ നടത്തിപ്പും പ്രവർത്തനങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മികച്ച ജീവിത സാഹചര്യമൊരുക്കുന്നതിനും ഈ രംഗത്ത് നിലനിൽക്കുന്ന ചൂഷണം ഫലപ്രദമായി തടയുന്നതിനും വേണ്ടി സമിതി സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ചയും തെളിവെടുപ്പും നടത്തിയതിൽ നിന്നും ഉരിത്തിരിഞ്ഞു വന്ന ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി (2016–19)- യുടെ മൂന്നാമത് റിപ്പോർട്ട് (കേരളത്തിലെ അനാഥാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്) തയ്യാറാക്കി 23.05.2017 തീയതിയായി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 29 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 29.12.2017 തീയതിയായി സാമൂഹ്യനീതി, ആഭ്യന്തരം, തദ്ദേശ സ്വയംഭരണം, റവന്യൂ, ആരോഗ്യ കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2016–19)- യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള അധികവിവരം, ബന്ധപ്പെട്ട വകുപ്പിന്റെ പേര് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഖണ്ഡിക 16, 26 എന്നിവയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച നടപടി റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

## ഭാഗം - I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

| ക്രമ നം. | ഖണ്ഡിക നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1 | ഭിക്ഷാടനത്തിന്റെ മറവിൽ മനുഷ്യക്കടത്ത്, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങി നിരവധി ക്രിമിനൽ പ്രവൃത്തികൾ സംസ്ഥാനത്ത് നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിന് കുട്ടികളാണ് കൂടുതലും ഇരകളാകുന്നത്. ഇക്കാര്യത്തിൽ കർശന നിയന്ത്രണമേർപ്പെടുത്തണമെന്നും നിസ്സഹായരായവരെ പുനഃരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവ-സി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>** സംസ്ഥാനത്ത് നിയമപരമായി സമ്പൂർണ്ണമായി ഭിക്ഷാടനം നിരോധിക്കുന്നതിന് ലക്ഷ്യമിടുന്ന The Kerala Prevention of Begging and Protection of Destitute Beggars Bill - 2018 നടപ്പാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഭിക്ഷാടന നിരോധന നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഇക്കാര്യത്തിൽ കർശനമായ നിയന്ത്രണമേർപ്പെടുത്താൻ സാധിക്കും. കൂടാതെ, യാചകരെ പുനരധിവസിപ്പിക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 14 ബെഗ്ഗർ ഹോമുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിലെ ഒരു അന്തേവാസിയ്ക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. **(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 2 | 2 | പരസഹായം കൂടാതെ ദൈനംദിന കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരായ അനാഥർക്ക് ഉപകരണങ്ങളും വാഹനവും സൗജന്യമായി നൽകണമെന്ന് സമിതി | **<u>സാമൂഹ്യനീതി (ഡി) വകുപ്പ് (09.10.2018-ലെ 125/ഡി2/18/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>** 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള വികലാംഗർക്ക് |

| | | | |
|---|---|---|---|
| | | ശിപാർശ ചെയ്യുന്നു. | സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് വൈകല്യമുള്ളവർക്ക് സഹായോപകരണങ്ങൾ നൽകിവരുന്നത്. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് എന്നിവയും സഹായോപകരണങ്ങളായ വീൽചെയർ, മൂന്നു വീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണസഹായി, ഡി.വി.ഡി. പ്ലേയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി. പി. ചെയറുകൾ, വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. സർക്കാർ ഡോക്ടർമാർ ശിപാർശ ചെയ്യുന്ന ഉപകരണങ്ങളാണ് നൽകി വരുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശിപാർശയോടു കൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷിത്വ സർട്ടിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്. 40%മോ അതിനു മുകളിലോ ഭിന്നശേഷിത്വമുള്ളവർക്ക് മൂന്ന് വർഷത്തിലൊരിക്കലാണ് സഹായോപകരണങ്ങൾ നൽകി വരുന്നത്. ഇതിലേയ്ക്കായി 2018-19 സാമ്പത്തിക വർഷം 210 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട്.<br><br>താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.<br><br><u>വൈകല്യമുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം.</u><br><br><u>നിബന്ധനകൾ</u><br>• 18 വയസ്സിനു മുകളിൽ പ്രായം, 40 ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോ മോട്ടോർ ഡിസെബിലിറ്റി, ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം, സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.<br>• ലോക്കോമോട്ടോർ ഡിസെബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.<br>• Eligibility criteria meet ചെയ്യുന്ന വനിതകൾക്കും എസ്.റ്റി. വിഭാഗത്തിൽ പ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)<br><br>**<u>സാഫല്യം – അഗതി മന്ദിരം</u>**<br><br>സംരക്ഷിക്കാനാളില്ലാത്തവരും, അനാഥരുമായ ഭിന്നശേഷിക്കാർക്ക് സംരക്ഷണം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കൊറ്റാമത്ത് 'സാഫല്യം' എന്ന പേരിൽ ഒരു ഭിന്നശേഷി പരിചരണ കേന്ദ്രം പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും |

| | | | |
|---|---|---|---|
| | | | സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെയും സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിലവിൽ 25 പേരുണ്ട്. 40 പേരെ ഇവിടെ സംരക്ഷിക്കാൻ കഴിയും. 2017-18 ൽ കോർപ്പറേഷൻ ഇതിലേയ്ക്കായി 10 ലക്ഷം രൂപ അനുവദിച്ചു. 2018-19-ൽ 11 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. **(18.12.2018-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 3 | 3 | തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ബുദ്ധിമാന്ദ്യമുള്ളവരെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവ-സി1/6/2018-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത് )** തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ബുദ്ധിമാന്ദ്യമുള്ളവരെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള NGO മുഖേന നടത്തുന്ന സ്ഥാപനങ്ങളിൽ പുനരധിവസിപ്പിച്ചു വരുന്നു. സന്നദ്ധ സംഘടനകൾ നടത്തുന്ന 245 ക്ഷേമസ്ഥാപനങ്ങൾ ഇത്തരത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. പോലീസ് മുഖേനയോ സന്നദ്ധ സംഘടനകൾ മുഖേനയോ എത്തപ്പെടുന്നവരേയും ടി സ്ഥാപനങ്ങളിൽ പുനരധിവസിപ്പിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിലെ ഒരു അന്തേവാസിയ്ക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. **(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 4 | 4 | കേരളത്തിൽ അംഗീകൃത അനാഥാലയങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്കുള്ള ഗ്രാന്റ് യുക്തമായ വിധം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവ-സി1/6/2018-സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** അനാഥ അഗതികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്കുള്ള പ്രതിമാസ ഗ്രാന്റ് 2019 ഒക്ടോബർ മുതൽ 1000/- |

| | | | |
|---|---|---|---|
| | | | രൂപയിൽ നിന്നും 1100/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 5 | 5 | കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും Juvenile Justice (Care and Protection of Children) Act. 2015 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ് (01.03.2021-ലെ SJD-E2/219/2019-SJD നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>സംസ്ഥാനത്ത് 817 സ്ഥാപനങ്ങൾ Juvenile Justice (Care and Protection of Children) Act. 2015 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**(29.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 6 | 6 | Orphanage Control Board അംഗങ്ങൾ അംഗീകൃത അനാഥാലയങ്ങളിൽ കൃത്യമായി ഇടവേളകളിൽ സന്ദർശിച്ച് അന്തേവാസികളുമായി കൂടിക്കാഴ്ച നടത്തി അവരുടെ പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവ-സി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ ക്ഷേമസ്ഥാപനങ്ങളുടെ അംഗീകാരം പുതുക്കുന്നതിന് ലഭിക്കുന്ന അപേക്ഷ യിന്മേൽ ബോർഡ് അംഗങ്ങൾ അന്വേഷണം നടത്തുകയും സ്ഥാപനം സന്ദർശിച്ച് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്നവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ സ്ഥാപനം സന്ദർശിച്ച് താമസക്കാരുമായി കൂടിക്കാഴ്ച നടത്തുന്നതിന് കരാർ അടിസ്ഥാനത്തിൽ 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൗൺസിലർമാർ യഥാസമയങ്ങളിൽ സ്ഥാപനം സന്ദർശിച്ച് അവിടത്തെ താമസക്കാരുമായി കൂടിക്കാഴ്ച നടത്തുന്നുണ്ട്. ഇക്കാര്യങ്ങളിൽ ആവശ്യമെങ്കിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേനയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്.<br><br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 7 | 7 | ബോർഡ് അംഗങ്ങളെ കൂടാതെ കളക്ടറുടെ മേൽനോട്ടത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ Inspection Team രൂപീകരിച്ച് കേരളത്തിലെ അംഗീകൃത അനാഥാലയങ്ങൾ സന്ദർശിച്ച് കാലോചിതമായി പ്രവർത്തനങ്ങൾ വിലയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ്**<br>**(29.09.2020-ലെ സാനീവ-സി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറുമായ 15 അംഗ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഈ മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br>**റവന്യൂ (ജി) വകുപ്പ്**<br>**23.09.2019-ലെ REV-G2/348/ 2018/REV നമ്പർ കത്ത് മുഖേന ലഭിച്ചത്**<br>2015 ബാലനീതി നിയമത്തിലെ 54(1), (2), 2016 ബാലനീതി മാതൃക ചട്ടം 41 (2), (8) എന്നിവ പ്രകാരം ജില്ലാ തലത്തിൽ കുട്ടികളുടെ സ്ഥാപനങ്ങൾ പരിശോധന നടത്തുവാൻ ജില്ലാതല ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുന്നതിന് 08.01.2018-ലെ സ.ഉ.(സാധാ)നം.09/2018/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുള്ളതും, ആയതു സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>തിരുവനന്തപുരം</u>** ജില്ലയിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ എന്നിവരെ ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് മൂന്ന് മാസത്തിലൊരിക്കൽ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്താൻ ശിപാർശ നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.<br><br>**<u>കൊല്ലം</u>** ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായും ആർ.ഡി.ഒ. ജില്ലാ സാമൂഹ്യനീതി ഓഫീസർ, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ എന്നിവർ അംഗങ്ങളായും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുള്ളതും കുട്ടികളെ പാർപ്പിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.<br><br>**<u>പത്തനംതിട്ട</u>** ജില്ലയിൽ പ്രവത്തിക്കുന്ന അനാഥാലയങ്ങളിൽ ചൈൽഡ് – വെൽഫെയർ കമ്മിറ്റി ചെയർമാൻ, ബാലാവകാശ സംരക്ഷണ/ക്ഷേമ മേഖലകളിൽ പ്രവർത്തിക്കുന്ന വനിത പ്രതിനിധി, മെഡിക്കൽ ഓഫീസർ, |

| | | | |
|---|---|---|---|
| | | | കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു മാനസികാരോഗ്യ വിദഗ്ധൻ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല ഇൻസ്പെക്ഷൻ ടീം സന്ദർശനം നടത്തി പ്രവർത്തനം വിലയിരുത്തുന്നതായും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ടി പ്രവർത്തനം ഏകോപിപ്പിക്കുന്നതായും അറിയിച്ചിട്ടുണ്ട്.<br><br>**ആലപ്പുഴ** ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറായും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറി, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പോലീസ് മേധാവി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, അംഗങ്ങളായും ജില്ലാതല ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് ഉത്തരവായിട്ടുള്ളതും സ്ഥാപനങ്ങൾ സന്ദർശിച്ച് യഥാസമയം റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും കളക്ടർ അറിയിച്ചിട്ടുണ്ട്.<br><br>**കോട്ടയം** ജില്ലയിൽ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ആർ.ഡി.ഒ., ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ, സ്പെഷ്യൽ ജുവനൈൽ പോലീസ്, യൂണിറ്റ് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ പരിശോധന ടീം രൂപീകരിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്.<br><br>**ഇടുക്കി** ജില്ലയിൽ ജില്ലാ കളക്ടറുടെ |

| | | | |
|---|---|---|---|
| | | | മേൽനോട്ടത്തിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറായും ജില്ലാ വനിതാ ശിശുവികസന ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുള്ളതും യഥാസമയം പുനരധിവാസ കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>**<u>എറണാകുളം</u>** ജില്ലയിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പർ ചെയർമാനായും ജില്ലാ ശിശു സംരക്ഷണ ഓഫീസർ കൺവീനറായും ബാലാവകാശസംരക്ഷണ/ക്ഷേമ പ്രവർത്തനങ്ങളിലെ വനിതാ അംഗം, മെഡിക്കൽ ഓഫീസർ, കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന മാനസിക ആരോഗ്യ വിദഗ്ധൻ എന്നിവർ അംഗങ്ങളും ആയുള്ള ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത അംഗങ്ങൾ കുട്ടികളുടെ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതുമാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.<br><br>**<u>തൃശൂർ</u>** ജില്ലയിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസറെ കോർഡിനേറ്ററായും ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഉൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട ജില്ലാതല ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ഇൻസ്പെക്ഷൻ ടീം രൂപീകരിക്കാവുന്നതും പ്രസ്തുത സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണെന്നും റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്.<br><br>**<u>പാലക്കാട്</u>** ജില്ലയിൽ ബാലനീതി നിയമം 2015-ലെ സെക്ഷൻ 54 പ്രകാരം ജില്ലാതല ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ച് സ്ഥാപനങ്ങൾ സന്ദർശിക്കുകയും നിലവിലെ സാഹചര്യത്തിൽ സ്ഥാപനങ്ങളിലെ കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി കൃത്യമായ ഇടപെടലുകൾ നടത്തി വരുകയും ചെയ്യുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>മലപ്പുറം</u>** ജില്ലയിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ, ബാലാവകാശ സംരക്ഷണ/ ക്ഷേമ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ പ്രതിനിധി, ഡി.എം.ഒ, കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യ വിദഗ്ധൻ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല ഇൻസ്പെക്ഷൻ കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത സ്ഥാപനങ്ങൾ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതുമാണ്. സ്ഥാപനങ്ങളെ സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതുമാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>കോഴിക്കോട്</u>** ജില്ലയിൽ കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ കൃത്യമായ ഇടവേളകളിൽ സന്ദർശിക്കുകയും അന്തേവാസികളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുന്നതായും |

| | | | |
|---|---|---|---|
| | | | ഇത്തരം സ്ഥാപനങ്ങളിൽ സംയുക്ത പരിശോധന നടത്തുന്നതിനായി ജില്ലാ കളക്ടറുടെ പ്രതിനിധി, ജില്ലാ സാമൂഹ്യ നീതി ഓഫീസർ, വിമെൻ പ്രൊട്ടക്ഷൻ ഓഫീസർ, ലീഗൽ സർവ്വീസസ് അതോറിറ്റി പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**വയനാട്** ജില്ലയിൽ ബാലനീതി നിയമം 2015 പ്രകാരം ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ജില്ലാതല ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുകയും ജില്ല ശിശു ജുവനൈൽ ജസ്റ്റിസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കണ്ണൂർ** ജില്ലയിൽ ജില്ല സാമൂഹ്യനീതി ഓഫീസർ, ജില്ല ശിശു സംരക്ഷണ ഓഫീസർ, ജില്ല സ്ത്രീ സംരക്ഷണ ഓഫീസർ, ജില്ലയിലെ താലൂക്ക് തഹസീൽദാർമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുകയും ടീം അംഗങ്ങളോട് പ്രസ്തുത സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.<br><br>**കാസർഗോഡ്** ജില്ലയിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ ജില്ലാശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശുക്ഷേമ സമിതി മെമ്പർ, |

| | | | |
|---|---|---|---|
| | | | ഡി.വൈ.എസ്.പി. (ഡി.സി.ആർ.ബി) എന്നിവരെ ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുവാനും ജില്ലയിൽ അനാഥാലയങ്ങളിൽ സമയബന്ധിതമായി പരിശോധന നടത്തുവാനുമുള്ള നടപടികൾ സ്വീകരിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **(10.12.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 8 | 8 | ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി ചില വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടായിരിക്കണം, ഒരു കുട്ടിയ്ക്ക് കിടക്കുന്നതിന് 40 ചതുരശ്ര അടി വിസ്തീർണ്ണം അനുസരിച്ച് 25 പേരെ പാർപ്പിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം, കോർപറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 5 കി.മീ ഉള്ളിലും, ഗ്രാമപ്രദേശങ്ങളിൽ 10 കി.മീ ഉള്ളിലും സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ഉണ്ടാകാൻ പാടില്ല എന്നിവയാണ് പ്രധാന മാനദണ്ഡങ്ങൾ. ഇപ്രകാരം ചട്ടപ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ഭൗതിക സൗകര്യങ്ങൾ എല്ലാ സ്ഥാപനങ്ങളിലും ലഭ്യമാണെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവസി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>** ഓർഫനേജ് കൺട്രോൾ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്. കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ, കിടപ്പുമുറികളുടെ വിസ്തീർണ്ണം, കക്കൂസ്, കുളിമുറി തുടങ്ങിയവ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമാണ് അംഗീകാരം നൽകുന്നത്. **(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | | |
|---|---|---|---|
| 9 | 9 | സ്ഥാപനങ്ങളിലെ അന്തേവാസികളും ജീവനക്കാരും തമ്മിൽ അനുപാതം നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിന് കാരണമായേക്കാം. അതിനാൽ, അന്തേവാസികളും ജീവനക്കാരും തമ്മിൽ വ്യക്തമായ അനുപാതം നിർണ്ണയിച്ച് അപ്രകാരം നിയമനം നൽകുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവ സി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>വയോജനങ്ങളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്നവരും ജീവനക്കാരും തമ്മിലുള്ള വ്യക്തമായ അനുപാതം നിർണ്ണിയിച്ച് ജി.ഒ.പി. നം.10/2016 എസ്.ജെ.ഡി. തീയതി 20.08.2016 ഉത്തരവിലൂടെ സർക്കാർ ഗൈഡ് ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ psycho social rehabilitation scheme പ്രകാരം മാനസിക രോഗം ഭേദമായവരെ പാർപ്പിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾക്കും ഇപ്രകാരത്തിൽ അനുപാതം നിശ്ചയിച്ചിട്ടുണ്ട്. RPWD Act പ്രകാരം ഇപ്രകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും വ്യക്തമായ Minimum Standards നിശ്ചയിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 10. | 10 | എല്ലാ സ്ഥാപനങ്ങളിലും അന്തേവാസികളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ്**<br>**<u>(29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>അംഗീകാരമുള്ള എല്ലാ ക്ഷേമ സ്ഥാപന-ങ്ങളിലും അവിടെ പാർപ്പിച്ചിരിക്കുന്നവരുടെ പൂർണ്ണ വിവരം ഫോട്ടോ ഉൾപ്പെടെ പതിച്ച് അഡ്മിഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)** |

| | | | |
|---|---|---|---|
| 11. | 11 | സംസ്ഥാനത്തെ അനാഥാലയങ്ങളെയും അന്തേവാസികളെയും സംബന്ധിച്ച് Database സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ്** **(29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്** സംസ്ഥാനത്തെ അനാഥാലയങ്ങളെ സംബന്ധിച്ച Database തയ്യാറാക്കി website-ൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് online portal തയ്യാറാക്കുന്നതിനു നടപടി ആരംഭിച്ചിട്ടുണ്ട്. **(06/11/2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 12. | 12 | അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളെ പുനരധിവസിപ്പിച്ച് ഇത്തരം സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ്** **(29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)** അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപന ങ്ങളെക്കുറിച്ച് വിവരം ലഭിച്ചാൽ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ ആവശ്യപ്പെടുകയും അനുയോജ്യമാണെന്ന് കണ്ടാൽ അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. അനുയോജ്യമല്ലാത്ത പക്ഷം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സഹായത്തോടുകൂടി താമസക്കാരെ അംഗീകാരമുള്ള ക്ഷേമ സ്ഥാപനങ്ങളിൽ മാറ്റി പാർപ്പിക്കുകയും അംഗീകാരമില്ലാത്ത സ്ഥാപനം അടച്ചുപൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. **(06/11/2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 13. | 13 | മതസ്ഥാപനങ്ങൾ നടത്തുന്ന അനാഥാലയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ മാത്രമേ പരിശോധന നടത്താൻ വ്യവസ്ഥയുള്ളൂ.ഇത്തരം സ്ഥാപനങ്ങൾക്കെല്ലാം രജിസ്ട്രേഷൻ | **സാമൂഹ്യനീതി (സി) വകുപ്പ്** **(29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** മതസ്ഥാപനങ്ങൾ നടത്തുന്ന അനാഥാലയങ്ങളിൽ രജിസ്ട്രേഷൻ എടുക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ |

| | | | |
|---|---|---|---|
| | | നിർബന്ധ മാക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | രജിസ്ട്രേഷൻ എടുക്കുവാൻ അവരെ അറിയിക്കുകയും അവർ രജിസ്ട്രേഷൻ എടുക്കുകയും ചെയ്യാറുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ സർക്കാർ ഗ്രാന്റ് ലഭിയ്ക്കുന്നവയിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധന നടത്താറുണ്ട്. ഗ്രാന്റ് ലഭിയ്ക്കാത്ത സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തുന്നതിനുള്ള സംവിധാനമില്ലാത്തതാണ്. **(06/11/2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 14. | 14 | സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കാത്ത, എന്നാൽ വിദേശത്തു നിന്നും, സ്വകാര്യ വ്യക്തികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഫണ്ട് ലഭിക്കുന്നവയുമായ സ്ഥാപനങ്ങളിലും സാമൂഹ്യനീതി വകുപ്പിന്റെ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.. | **സാമൂഹ്യനീതി (സി) വകുപ്പ്** **(29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)** സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കാത്തതും എന്നാൽ വിദേശ ധനസഹായം കിട്ടുന്നതുമായ സാഹചര്യങ്ങളിൽ ഓഡിറ്റ് നടത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. ഇത്തരം സ്ഥാപന ങ്ങളിൽ ഓഡിറ്റിംഗ് നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. **(06/11/2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 15. | 15 | അനാഥാലയങ്ങളിലെ അന്തേവാസികൾ, പ്രത്യേകിച്ചും കുട്ടികൾ, ലൈംഗിക അതിക്രമങ്ങൾക്കും മറ്റ് പല പീഡനങ്ങൾക്കും വിധേയരാകുന്നുണ്ട്. എന്നാൽ ഭയം മൂലവും ആരോട് പരാതിപ്പെടണം എന്ന വ്യക്തമായ ധാരണ ഇല്ലായ്മയും കാരണം പല | **സാമൂഹ്യനീതി (സി) വകുപ്പ്** **(29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)** ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നടത്തുന്നതിനായി 40 കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അവർ |

| | | | |
|---|---|---|---|
| | | സംഭവങ്ങളും പുറത്തറിയാറില്ല. അന്തേവാസികൾക്ക് കൃത്യമായ ഇടവേളകളിൽ കൗൺസിലിംഗും സെമിനാറുകളും സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.. | സ്ഥാപനം സന്ദർശിച്ച് താമസക്കാർക്ക് മതിയായ കൗൺസിലിംഗ് നൽകുന്നുണ്ട്. **(06/11/2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു**.) |
| 16. | 17 | കുട്ടികൾക്കെതിരായ ശാരീരിക മാനസിക പീഡനങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് Special Juvenile Police Unit സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്** **(01/03/2021-ലെ SJD-E2/219/2019-SJD. നമ്പർ കത്ത് മുഖേന ലഭിച്ചത്)** കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും മറ്റുമായി കേരളത്തിലെ എല്ലാ പോലീസ് ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ഇതിനോടകം തന്നെ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരികയും ചെയ്യുന്നുണ്ട്. **(29/11/2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 17 | 18 | പീഡനത്തിനിരയായ കുട്ടികൾ അന്വേഷണത്തിന്റെ പേരിലും മൊഴിയെടുക്കലിന്റെ പേരിലും വീണ്ടും മാനസിക സംഘർഷം അനുഭവിക്കുന്ന സാഹചര്യം ഒഴിവാക്ക പ്പെടേണ്ടതാണ്. ഇത്തരം കേസുകളിലെ അന്വേഷണ നടപടികൾ താമസംവിനാ പൂർത്തിയാക്കി കുറ്റക്കാർക്ക് കർശന ശിക്ഷ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്** **(01/03/2021-ലെ SJD-E2/219/2019-SJD. നമ്പർ കത്ത് മുഖേന ലഭിച്ചത്.)** പോക്സോ നിയമം 2012 സെക്ഷൻ 39 അനുസരിച്ച് കുട്ടികൾക്ക് സഹായകമായ രീതിയിൽ പോക്സോ കേസിന്റെ അന്വേഷണ വിചാരണ വേളയിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സമഗ്രവും വ്യക്തവുമായ മാർഗ്ഗനിർദ്ദേശങ്ങൾ 2015-ൽ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം പോക്സോ കോടതിയെ ശിശു സൗഹൃദ കോടതിയാക്കി മാറ്റുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. 2012-ലെ പോക്സോ ആക്ട് സെക്ഷൻ 24, 25 പ്രകാരം മൊഴി എടുക്കാനുള്ള അധികാരം പോലീസിനും |

| | | | |
|---|---|---|---|
| | | | മജിസ്റ്റേറ്റിനുമാണ്. ഈ വകുപ്പ് മുഖേനയും സർക്കാരിന്റെ മറ്റ് വകുപ്പുകൾ/ ഏജൻസികൾ മുഖേനയും അന്വേഷണ വേളയിൽ കുട്ടികളെ കൈകാര്യം ചെയ്യുന്നതിനുള്ള നിരവധി പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതി Crl Appeal No. 1087/19-ൽ 09/09/2020 തീയതിയിലെ വിധിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. **(29/11/2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 18. | 19 | സേവന മനോഭാവവും അഭിരുചിയും കൂടി കണക്കിലെടുത്ത് ജീവനക്കാരെ നിയമിക്കണമെന്നും ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (എ) വകുപ്പ്** **(18/06/2019-ലെ എ 2/70/ 2018/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)** സർക്കാർ നേരിട്ട് നടത്തുന്ന ക്ഷേമ സ്ഥാപന ങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നത് വിശേഷാൽ ചട്ട പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്നും വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് പുറത്ത് സേവന മനോഭാവവും അഭിരുചിയുമുള്ള ജീവനക്കാരെ കണ്ടെത്തുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കഴിയുകയില്ലെന്നും ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് നിലവിലുള്ള വ്യക്തമായ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് സ്ഥലംമാറ്റങ്ങൾ അനുവദിക്കുന്നതെന്നും സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നത് അതാത് സന്നദ്ധ |

| | | | |
|---|---|---|---|
| | | | സംഘടനകളായതിനാൽ സ്ഥലംമാറ്റം ബാധകമാവുകയില്ല.<br>സ.ഉ.(പി) നം. 25/2015/സാ.നീ.വ. തീയതി 06.04.2015 പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിയ്ക്കുന്ന അനാഥാലയങ്ങളിൽ എങ്ങനെയാണ് ജീവനക്കാരെ നിയമിയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ സെക്ഷൻ 37(6) പ്രകാരം മാനേജരുടെ യോഗ്യത പ്ലസ്-2 വിദ്യാഭ്യാസവും മൂന്നു വർഷത്തെ ശിശു സംരക്ഷണ പരിചയവുമാണ്. ഇതിനു പുറമെ പുതുതായി നിയമിയ്ക്കുന്ന കെയർ-ഗിവർമാർക്ക് ഒരു മാസത്തെ ശിശു സംരക്ഷണ പരിശീലനവും നൽകുന്നുണ്ട്.<br>**(27/08/2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 19. | 20 | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ അനാഥാലയങ്ങളിൽ താമസിപ്പിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും അതത് സംസ്ഥാന സർക്കാരിന്റെ അനുമതി പത്രം ലഭ്യമാക്കി യിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>**(01/03/2021-ലെ SJD-E2/219/2019-SJD. നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>25/05/2019-ലെ സർക്കുലർ നം. സാ.നീ.വ.-ഇ 1/43/2019/സാ.നീ.വ. പ്രകാരം ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുമ്പോൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജെ.ജെ. ആക്ട് 2015-ലും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.<br>**(29.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 20. | 21 | ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br>**(01/03/2021 തീയതിയായി SJD-E2/219/2019-SJD. നമ്പർ കത്ത് മുഖേന ലഭിച്ചത്)** |

| | | | |
|---|---|---|---|
| | | അന്തേവാസികളുടെ ആരോഗ്യ സ്ഥിതി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.. | ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ ആരോഗ്യ പശ്ചാത്തലം പരിശോധിക്കുന്നതിനായി സ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ വിദഗ്ധ ഡോക്ടർമാർ പരിശോധന നടത്തുകയും അതോടൊപ്പം ഓരോ കുട്ടിക്കും സ്ഥാപനത്തിൽ വന്നുകഴിയുമ്പോൾ മെഡിക്കൽ പരിശോധന നടത്തി വിവരം മെഡിക്കൽ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>**(29.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 21 | 22 | അന്തേവാസികൾക്ക് കൈത്തൊഴിൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ചെറുകിട ഉപകരണ നിർമ്മാണം എന്നിവയ്ക്ക് വിദഗ്ധ പരിശീലനം നൽകുക, കുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതിന് ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.. | **സാമൂഹ്യനീതി (സി) വകുപ്പ്<br>29/02/2020-ലെ സാനീവ-സി1/6/2018-സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് കൈത്തൊഴിലിന് വിദഗ്ധ പരിശീലനം നൽകുന്നതിന് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ താമസക്കാർക്ക് കൈത്തൊഴിൽ പരിശീലനം നൽകണമെന്നുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ ക്ഷേമ സ്ഥാപനങ്ങളിൽ വൊക്കേഷണൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br>**തൊഴിലും നൈപുണ്യവും (സി) വകുപ്പ്<br>(11.12.2019-ലെ സി3/17/2018/ തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്.)** |

| | | | |
|---|---|---|---|
| | | | കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)ന്റെ സെമസ്റ്റർ ഇടവേളകളിൽ, KSID-ൽ തന്നെ, പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, തയ്യൽ പരിശീലനം തുടങ്ങിയ 16 വിഭാഗങ്ങളിൽ കേരളത്തിലെ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് പരിശീലനം നൽകുന്നതിനായി വിശദമായ ശിപാർശ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സമർപ്പിക്കുകയും ആയതിൻമേൽ ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. KSID ലഭ്യമാക്കിയ പ്രൊപ്പോസലിലെ തൊഴിലുകൾ ചെയ്യുന്നതിന് താൽപ്പര്യമുള്ളവർക്ക് മാത്രമേ പരിശീലനം നൽകാൻ കഴിയുകയുള്ളൂ എന്നും ഇവരെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന കണ്ടെത്തേണ്ടതുണ്ട് എന്നും സാമൂഹ്യനീതി വകുപ്പ് അറിയിച്ചിരിക്കുന്നു. മാത്രമല്ല അതാത് ജില്ലകളിൽ വച്ച് മാത്രമേ പരിശീലനം നൽകാൻ കഴിയുകയുള്ളൂ എന്നും ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് സ്വന്തം വരുമാന മാർഗ്ഗത്തിനായി സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായം നൽകുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിന് ശേഷിയില്ലാത്തതിനാൽ സർക്കാർ ധനസഹായം ലഭ്യമാകുമെങ്കിൽ ഈ പദ്ധതി അംഗീകരിക്കാവുന്നതാണ് എന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചതായും 2018 മെയ് മാസത്തിലാണ് KASE-ൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ ലഭ്യമായത് എന്നതിനാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കി ICPS എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ വർക്കിംഗ് ഗ്രൂപ്പിലോ അംഗീകാരത്തിന് സമർപ്പിയ്ക്കുന്നതാണ് എന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചതായും സാമൂഹ്യനീതി വകുപ്പ് അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പുതുക്കിയ പ്രൊപ്പോസൽ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നല്കാൻ KASE-ന് നിർദ്ദേശം നൽകിയിട്ടുണ്ട്<br><br>**<u>തൊഴിലും നൈപുണ്യവും (സി) വകുപ്പ് (09.05.2024-ലെ LBRD-C3/17/2018-LBRD നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>11.12.2019-ൽ നിയമസഭാസമിതിക്ക് നൽകിയ ഇടക്കാല മറുപടിയിൽ KASE-ൽ നിന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിൽ അനാഥാലയത്തിലെ അന്തേവാസികൾക്ക് തുണി സഞ്ചി നിർമ്മാണം, തയ്യൽ പരിശീലനം, തുണിക്ക് ചായംമുക്കൽ ടൈ ഡൈയിങ്ങ്, ഫയൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ KSID വഴി പരിശീലനം നൽകാൻ സാധിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന പരിശീലനങ്ങൾ അപ്രായോഗികവും, വ്യാവസായിക പ്രസക്തിയുള്ളവയല്ലാത്ത തിനാലും അനാഥാലയത്തിലെ അന്തേവാസി കൾക്ക് ഉൾപ്പടെ പ്രയോജനകരമാകുന്ന വിധത്തിൽ സമകാലികപ്രസക്തിയുള്ള വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ KASE-ന്റെ മികവിന്റെ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ വഴിയും, അക്രഡിറ്റഡ് സെന്ററുകൾ വഴിയും, ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ വഴിയും നടപ്പിലാക്കി വരുന്നുണ്ട്. അനാഥാലയത്തിലെ അന്തേവാസികളായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് അവർക്ക് വേണ്ട സാമ്പത്തിക സഹായം നൽകാനും KASE-ന് സാധിക്കുന്നതാണ്. **(11.09.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | | |
|---|---|---|---|
| 22 | 23 | അന്തേവാസികളുടെ ശാസ്ത്ര, കലാ-സാഹിത്യ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020-ലെ സാനീവ-സി1/6/2018/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** ക്ഷേമസ്ഥപനങ്ങളിലെ താമസക്കാർക്ക് കലാസാഹിത്യ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലാതല കുടുംബ സംഗമം എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്. കുടുംബ സംഗമം സംഘടിപ്പിക്കുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് ജില്ലകൾക്ക് 50,000/- രൂപ ധനസഹായം നൽകുന്നുണ്ട്. ഈ കുടുംബ സംഗമത്തിൽ ഓരോ താമസക്കാരും അവരുടെതായ കലാപരിപാടികൾ അവതരിപ്പിക്കുന്നു. **(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 23 | 24 | ഉന്നതവിദ്യാഭ്യാസം ചെയ്യുന്നവർക്കും പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവർക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തുക, ഡിഗ്രിതലം മുതലുള്ള കോഴ്സുകൾ പഠിപ്പിക്കുന്നവർക്ക് വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി(സി) വകുപ്പ് (29.02.2020-ലെ സാനീവ-സി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** ക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന സർക്കാർ/ എയ്ഡഡ് സ്കൂളിൽ പ്ലസ്-വണിന് പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്ലസ് ടു കഴിഞ്ഞുള്ള പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് വേണ്ട തുക മുഴുവനും ഗ്രാന്റായി നൽകുന്നുണ്ട്. ആയതിലേയ്ക്ക് സ്ഥാപന മേധാവി ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കുകയും ഉചിതമായ അപേക്ഷകൾക്ക് അതത് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br>**<u>ഉന്നതവിദ്യാഭ്യാസ(സി) വകുപ്പ് (27.04.2024-ലെ സാനീവ-C2/32/2018/HEDN നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br>ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്, ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ്, എൻകറേജ് ടാലന്റ് അവാർഡ്, റിസർച്ച് അവാർഡ്, ജില്ലാ മെറിറ്റ് അവാർഡ് എന്നീ സ്കോളർഷിപ്പുകൾ നൽകി വരുന്നു.<br>പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് ആയ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ് എന്ന സ്കോളർഷിപ്പ് ന്യൂന പക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായി നൽകി വരുന്നു.<br>**വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.**<br>കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന ലഭ്യമായ ഫണ്ടുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ അല്ലാതെ ഗ്രാന്റുകൾ ഒന്നും അനുവദിച്ച് നൽകുന്നില്ല. |

| | | | |
|---|---|---|---|
| | | | സാങ്കേതിക, പ്രൊഫഷണൽ തലങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട സമർത്ഥരും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം വർഷം തോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വഴി "മെറിറ്റ്-കം-മീൻസ്" (എം.സി.എം) സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു.<br><br>കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ ലിസ്റ്റഡ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പട്ടികയിൽ പ്പെടുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന ചെലവ് മുഴുവൻ "മെറിറ്റ് - കം-മീൻസ്" സ്കോളർഷിപ്പായി അനുവദിക്കുമ്പോൾ; കേരളം ഉൾപ്പെടുന്ന സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലർക്ക് 30,000/- രൂപയും, മറ്റുള്ളവർക്ക് 25,000/- രൂപയുമാണ് വാർഷിക സ്കോളർഷിപ്പായി അനുവദിച്ച് വരുന്നത്.<br><br>കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം ഓരോ അദ്ധ്യയന വർഷവും നിശ്ചിത എണ്ണം സ്കോളർഷിപ്പുകൾ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും അനുവദിക്കുന്നുണ്ട്. 2017-18 അദ്ധ്യയന വർഷം വരെ 4316 എണ്ണം ഫ്രഷ് സ്കോളർഷിപ്പുകൾ കേരളത്തിന് സ്കീമിൽ അനുവദിച്ചിരുന്നു. എന്നാൽ 2018-19, 2019-20 അദ്ധ്യയന വർഷങ്ങളിൽ അത് 3855 ആയി കുറവ് വരുത്തി.<br><br>ഓരോ വർഷവും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കിയ 8 ഗവേഷക വിദ്യാർത്ഥികൾക്ക് പ്രതിമാസം 20,000/- രൂപ നിരക്കിൽ (ഇരുപതിനായിരം രൂപ മാത്രം) റിസർച്ച് ഫെലോഷിപ്പായും, മറ്റ് |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പുകൾ ഒന്നും ലഭിക്കാത്തതും, പഠനത്തിൽ മികവ് പുലർത്തുന്നതുമായ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് (ഓരോ വർഷാർദ്ധത്തിലും 5 വിദ്യാർത്ഥികൾക്ക് വീതം) സാമ്പത്തിക സ്ഥിതി കണക്കാക്കാതെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രതിമാസം 6,000/- രൂപ വീതം (ആറായിരം രൂപ മാത്രം) നോൺ ഗേറ്റ് സ്കോളർഷിപ്പ്" ആയി നൽകി വരുന്നുണ്ട്.<br><br>സർക്കാർ പോളിടെക്നിക്ക് കോളേജുകളിൽ അനുവദിക്കപ്പെട്ട ഇൻടേക്കിന് പുറമെ ഓരോ എഞ്ചിനീയറിംഗ് വിഷയങ്ങൾക്കും 5% സീറ്റുകൾ സമർത്ഥരായ സ്ത്രീകൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ശാരീരിക വൈകല്യം അനുഭവിക്കുന്നവർ എന്നിങ്ങനെ 1:1:1 എന്ന ക്രമത്തിൽ ഫീ വേവർ സ്കീം (Tuition Fee Waiver Scheme) വഴി മുഴുവൻ ഫീസും ഇളവ് നൽകികൊണ്ട് പ്രവേശനം നൽകുന്നുണ്ട്.<br><br>23.05.2014-ലെ സ.ഉ. (കൈ) നം.10/ 2014/ബിസിഡിഡി പ്രകാരം 6 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികളെ അവർ ഹാജരാക്കുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫീസ് അടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് ഇതര സമുദായങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധി കണക്കിലെടുക്കാതെ ബന്ധപ്പെട്ട വകുപ്പുകൾ അനുവദിക്കുന്ന സ്റ്റൈപ്പന്റും, മറ്റ് ആനുകൂല്യങ്ങളും 'ഇ-ഗ്രാന്റ്സ്' വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | യഥാസമയം തന്നെ ലഭ്യമാക്കിയും വരുന്നു.ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കി വരുന്ന ഏക സ്കോളർഷിപ്പ് പദ്ധതിയാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. പ്രസ്തുത പദ്ധതിയിൽ 3% സ്കോളർഷിപ്പുകൾ അംഗപരിമിതർക്കായി സംവരണം ചെയ്തിട്ടുണ്ട്.<br>**(11.09.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 24 | 25 | എല്ലാ സ്ഥാപനങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ഹെൽപ്പ് ലൈൻ/ചൈൽഡ് ലൈൻ നമ്പറുകൾ സുവ്യക്തമായി പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (സി) വകുപ്പ് 29.02.2020-ലെ സാനീവ-സി1/6/2018/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>എല്ലാ സ്ഥാപനങ്ങളിലും പരാതിപ്പെട്ടിയും ഹെൽപ്പ് ലൈൻ നമ്പറും പ്രദർശിപ്പിക്കണ മെന്ന നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പാലിക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്.<br>**(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 25 | 27 | ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ മറ്റ് സംസ്ഥാനങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നത് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടാണ്. എന്നാൽ, കേരളത്തിൽ സുഗമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. കമ്മിറ്റി അംഗങ്ങൾ കാര്യക്ഷമമായും സ്വതന്ത്രരായും പ്രവർത്തിക്കുന്നതിന് ഓഫീസ്, വാഹന സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ് (01.03.2021-ലെ സാനീവ-ഇ 2/219/2017/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തുക കെൽട്രോണിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അതോടൊപ്പം ഓരോ ജില്ലയിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ച് വരുന്നു.<br>**(29.11.2021-ലെ സമിതി യോഗത്തിൽ** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു.**) |
| 26. | 28 | സമിതിയുടെ 12.01.2017-ലെ ആലപ്പുഴ (ജില്ലാ സന്ദർശനവേളയിൽ ജില്ലാ ആശുപത്രിക്ക് സമീപമുള്ള അമ്മത്തൊട്ടിൽ സന്ദർശനവേളയിൽ) ജില്ലാ ആശുപത്രിക്ക് സമീപമുള്ള അമ്മത്തൊട്ടിൽ സന്ദർശിക്കുകയുണ്ടായി. പൂർണ്ണമായും പ്രവർത്തനം നിലച്ച് ശോചനീയാവസ്ഥയിലാണ് അമ്മ ത്തൊട്ടിലെന്ന് സമിതിക്ക് കാണാൻ കഴിഞ്ഞു. യാതൊരു സ്വകാര്യതയുമില്ലാത്ത സ്ഥലത്ത് പ്രവർത്തിക്കുന്നതുകൊണ്ടാണ് സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പാകാതെ പോകുന്നതെന്ന് സമിതി വിലയിരുത്തുന്നു. എല്ലാ ജില്ലകളിലും അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നത് സ്വകാര്യത ഉറപ്പ് നൽകുന്നതും സുരക്ഷാ ഭീഷണിയില്ലാത്തതുമായ രീതിയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br>**(01.03.2021-ലെ SJD-E2/219/2019-SJD നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>15 വർഷം മുൻപ് ഉള്ള സാങ്കേതിക വിദ്യയിൽ നിർമ്മിച്ച അമ്മത്തൊട്ടിലുകളുടെ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിന് പ്രയാസം നേരിട്ടു ന്നതിനാൽ പുതിയ സാങ്കേതിക വിദ്യയിൽ അമ്മത്തൊട്ടിലുകൾ നിർമ്മിക്കാൻ ശിശുക്ഷേമ സമിതി തീരുമാനം എടുത്തിട്ടുണ്ട്. വിവിധ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ ഐ.ടി. മിഷന്റെ പരിശോധനയ്ക്ക് ശേഷം കെ.എസ്.ഐ.ഇ. ലിമിറ്റഡിനെ അമ്മത്തൊട്ടിൽ നവീകരണം ഏൽപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പരിമിതിയാണ് നവീകരണത്തിന് തടസ്സമായി നിൽക്കുന്നത്.<br>അമ്മത്തൊട്ടിൽ നവീകരണത്തിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി ഉപയോഗിക്കുന്നതിന് അനുമതി നൽകി ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആലപ്പുഴ ഉൾപ്പെടെയുള്ള ജില്ലകളിലെ അമ്മത്തൊട്ടിലുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ശിശുക്ഷേമ സമിതി അറിയിച്ചിട്ടുണ്ട്.<br>**(29.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 27. | 29 | അനാഥാലയങ്ങളിലെ അന്തേവാസികൾ ആരെങ്കിലും മരണപ്പെട്ടാൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ കൃത്യമായി പാലിക്കാനുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി | **<u>സാമൂഹ്യനീതി (സി) വകുപ്പ്</u>**<br>**<u>(29.02.2020-ലെ സാനീവ.-സി1/6/2018/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരിൽ ആരെങ്കിലും മരണമടഞ്ഞാൽ ആ വിവരം അടുത്തുള്ള പോലീസ് സ്റ്റേഷനിലും ജില്ലാ |

| | | | |
|---|---|---|---|
| | | നിർദ്ദേശിക്കുന്നു. | സാമൂഹ്യനീതി ഓഫീസിലും അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല സ്ഥാപനം സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃതശരീരം ബന്ധുക്കൾ കൊണ്ടുപോകാൻ തയ്യാറാണെങ്കിൽ വ്യക്തമായ രേഖകളോട്ടും സാക്ഷികളോട്ടും കൂടി കൈമാറണമെന്നും അല്ലാത്തപക്ഷം മൃതശരീരം മറവു ചെയ്യുന്നതിന് നിയമപരമായ നടപടികൾ സ്ഥാപന അധികൃതർ നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല മരണ രജിസ്റ്ററും സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വക കാര്യങ്ങൾ സ്ഥാപനങ്ങൾ കൃത്യമായി പാലിച്ചു വരുന്നുണ്ടെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസറും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളും പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. **(06.11.2020-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

**ഭാഗം II**

**സമിതിയുടെ ശിപാർശ, സമിതി ആവശ്യപ്പെട്ട അധികവിവരം, എന്നിവയിൽ നടപടി റിപ്പോർട്ട് ലഭിക്കാനുള്ള സംബന്ധിച്ച വിശദാംശം**

| ക്രമ നം. | ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 16 | സംസ്ഥാനത്താകെ 40 ഓർഫനേജ് കൗൺസിലർമാർ മാത്രമാണ് കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നത്. ആകെ അന്തേവാസികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇതു തികച്ചും | **സാമൂഹ്യനീതി (സി) വകുപ്പ് (29.02.2020 -ലെ സാനീവ.-സി1/6/2018/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** 30 കൗൺസിലർമാരെക്കൂടി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം പരിശോധിച്ചു. ജെ.ജെ. ആക്ട് പ്രകാരം |

| | | | |
|---|---|---|---|
| | | പരിമിതമാണ്. അതിനാൽ, കൗൺസിലർമാരുടെ എണ്ണം അടിയന്തരമായി വർദ്ധിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി സർക്കാർ സർവ്വീസിലുള്ള/ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കാവുന്നതാണ്.<br><br>**(06.11.2020-ലെ യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം)**<br>അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ സർവ്വീസിലുള്ള സ്വകാര്യ പ്രാക്ടീസ് നടത്തുന്ന, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനു സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുക. | രജിസ്റ്റർ ചെയ്യുന്ന 689 സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പരിധിയിൽ നിന്നും ഒഴിവായ സാഹചര്യത്തിൽ ഓർഫനേജ് കൗൺസിലർമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല. സർക്കാർ സർവീസിലുള്ള/സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു.<br><br>**(06.11.2020-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു)**<br>**റിപ്പോർട്ട് ലഭിച്ചിട്ടില്ല.** |
| 2 | 26 | സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് Identity Card നിർബന്ധമാക്കുക.<br><br>**06.11.2020-ൽ സമിതി ആരാഞ്ഞ അധിക വിവരം** | **<u>സാമൂഹ്യനീതി (സി) വകുപ്പ്</u>**<br>**<u>(29.02.2020-ലെ സാനീവ.-സി1/6/2018/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് ഓർഫനേജ് കൺട്രോൾ ബോർഡുമായി കൂടിയാലോചിച്ച് വകുപ്പ് തലത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.<br><br>**(06.11.2020 ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധികവിവരം** |

| | | | |
|---|---|---|---|
| | | അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് നിർബന്ധമായും ഐഡന്റിറ്റി കാർഡ് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്. | **ആരായുകയും ചെയ്യു.)**<br><br>റിപ്പോർട്ട് ലഭിച്ചിട്ടില്ല.. |

തിരുവനന്തപുരം
2026 ജനുവരി 29

**യു. പ്രതിഭ**
ചെയർപേഴ്സൺ
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം
സംബന്ധിച്ച സമിതി